**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **19-09-2025 - ൽ മറുപടിയ്ക്ക്**

**പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നൂറുകോടി രൂപയുടെ ഭരണാനുമതി ലഭിച്ച പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പൂക്കിപ്പറമ്പിൽ ദേശീയ പാതയിൽ നിന്നും ആരംഭിച്ച് പരപ്പനങ്ങാടി അരീക്കോട് റോഡിൽ പതിനാറുങ്ങൽ എന്ന സ്ഥലത്തു എത്തിച്ചേരുന്ന രീതിയിൽ നിർദ്ദേശിച്ചിരുന്ന പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും ആയത് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചതുമാണ് എന്നാൽ റോഡിന്റെ 6.5 കിലോമീറ്റർ പൂർണമായും വയലിലൂടെയാണ് നിർദേശിച്ചിരുന്നത്. കർഷകർ എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് പദ്ധതിയുടെ അലൈൻമെന്റ് ദേശീയ പാത വെന്നിയൂരിൽ നിന്നും ആരംഭിച്ച് പരപ്പനങ്ങാടി അരീക്കോട് റോഡിലെ പതിനാറുങ്കൽ എന്ന സ്ഥലത്ത് അവസാനിക്കുന്ന രീതിയിൽ മാറ്റം വരുത്താൻ തീരുമാനിക്കുകയും ആയത് പ്രകാരം പുതുക്കിയ അലൈന്മെന്റിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഡിസൈൻ വിങ്ങിനോട് ആവശ്യപ്പെട്ടു. KRFB യും RIQCL ഉം സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഡിസൈൻ വിംഗ് തയ്യാറാക്കിയ അലൈൻമെന്റ് ഡ്രോയിംഗിന്റെ ഫീസിബിലിറ്റി പരിശോധനയിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് 2025 സെപ്റ്റംബർ 9-ന് നടന്ന ഫീൽഡ് ഇൻസ്പെക്ഷൻ അടിസ്ഥാനമാക്കി അലൈൻമെൻറിൽ മാറ്റങ്ങൾ വരുത്തുന്ന നടപടികൾ ഡിസൈൻ വിങ്ങിൽ കൈക്കൊണ്ടു വരുന്നു. പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് ഡ്രോയിങ് ഉം ഫീസിബിലിറ്റി റിപ്പോർട്ടും ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തിയുടെ അലൈന്മെന്റിന് അംഗീകാരം നൽകുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് | (ബി) | (എ) പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഏത് ഓഫീസിലാണ് നിലവിലുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ? | (ഡി) | പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡിസൈൻ വിങ്ങിലെ ഫയൽ നം. CEDN-PPU/36/2023-AD23-PWD ആണ്. |

സെക്ഷൻ ഓഫീസർ